# Official Spokesperson's response to media queries on developments on the LAC

May 14, 2020

## എൽ എ സി യിലെ സംഭവവികാസങ്ങളെക്കുറിച്ചുള്ള മാധ്യമഅന്വേഷണങ്ങളോട് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

മെയ് 14, 2020

**എൽ എ സിയിലെ സംഭവവികാസങ്ങളെക്കുറിച്ചുള്ള മാധ്യമ അന്വേഷണങ്ങളോട് ഔദ്യോഗിക വക്താവ് ശ്രീ അനുരാഗ് ശ്രീവാസ്തവയുടെ പ്രതികരണം ഇപ്രകാരമായിരുന്നു:**

"ഇന്ത്യ -ചൈന അതിർത്തി പ്രദേശങ്ങളിൽ ശാന്തിയും സമാധാനവും കാത്തുസൂക്ഷിക്കുന്നതിന് ഇന്ത്യയും ചൈനയും വളരെയധികം പ്രാധാന്യം നൽകുന്നുണ്ട്. വുഹാനിലും (2018) ചെന്നൈയിലും(2019) നടന്ന അനൗദ്യോഗിക ഉച്ചകോടികളിൽ , അതിർത്തിയിലെ സമാധാനവും ശാന്തിയും നിലനിർത്തുന്നതിനായി ഇരു വിഭാഗങ്ങളും പരമാവധി പരിശ്രമങ്ങൾ തുടരുന്നതാണെന്നു പ്രധാനമന്ത്രി മോദിയും ചൈനീസ് പ്രസിഡണ്ട് സി ജിൻപിങ്ങും ആവർത്തിച്ചു ഉറപ്പു നൽകിയിട്ടുണ്ട്. ഇത് മൊത്തത്തിലുള്ള ഉഭയകക്ഷി ബന്ധങ്ങളുടെ വികസനത്തിന് വളരെ അത്യാവശ്യമാണ്.

അതിർത്തി മേഖലയിലെ സംഭവങ്ങൾ തടയുന്നതിന് വിവരങ്ങൾ പങ്കു വയ്ക്കുന്നതിനുള്ള മെക്കാനിസവും നിലവിലുള്ള ഉടമ്പടികൾ ശക്തിപ്പെടുത്തുന്നതും പരസ്പരപൂരകവും തുല്യവുമായ സുരക്ഷാ സിദ്ധാന്തങ്ങളും ഉൾപ്പടെ ഇരു വിഭാഗങ്ങളും സമ്മതിച്ചിട്ടുള്ള, ആത്മവിശ്വാസം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ നടപടികൾ ആത്മാർത്ഥയോടെ നടപ്പിലാക്കാമെന്നത് ഇരു നേതാക്കളും തങ്ങളുടെ സൈന്യങ്ങൾക്ക് നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.ഇവയുടെ ഫലമായി, ഇന്ത്യ -ചൈന അതിർത്തി സമാധാനപൂർണമാകുന്നതാണ്.

യഥാർത്ഥ നിയന്ത്രണ രേഖയുടെ (LAC) വിന്യാസം സംബന്ധിച്ചുള്ള ചിന്താഗതിയിൽ ഉണ്ടാകുന്ന വ്യതിയാനകൾക്ക് അനുസൃതമായി അതിർത്തിയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ, എൽ എ സി യെ ക്കുറിച്ചു ഇരുവിഭാഗങ്ങൾക്കും പൊതുവായ ഒരു ധാരണ ഉണ്ടാക്കിയെടുക്കുന്ന വഴി ഒഴിവാക്കാൻ സാധിക്കുന്നതാണ്. അതിർത്തി ഉദ്യോഗസ്ഥരുടെ സമ്മേളനങ്ങൾ, ഫ്ലാഗ് മീറ്റിങ്ങുകൾ, വർക്കിങ് മെക്കാനിസം ഫോർ കൺട്രോൾ & കോർഡിനേഷൻ ഓൺ ഇന്ത്യ -ചെയിൻ ബോർഡർ അഫയേഴ്സ് കൂടാതെ വിവിധ നയതന്ത്ര ചാനലുകൾ എന്നിങ്ങനെ നിലവിലുള്ള സംവിധാനങ്ങൾ വഴി ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ തന്നെ ഇരു വിഭാഗങ്ങൾക്കും ഇവ പരിഹരിക്കാനാകുന്നതാണ്.

ഇന്ത്യ ചൈന അതിർത്തി പ്രദേശങ്ങളിലെ ശാന്തിയും സമാധാനവും നിലനിർത്തുക എന്ന ലക്ഷ്യത്തോട് ഇന്ത്യ വിഭാഗം എപ്പോഴും പ്രതിബദ്ധമായിരിക്കും.

**ന്യൂ ഡൽഹി**
**14 മെയ്, 2020**

**DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**